# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1447** | **15.06.2012-ൽ മറുപടിക്ക്**

## കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ സ്ഥാപനങ്ങളിൽ തൊഴിലാളി നിയമനം നടത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ സ്ഥാപനങ്ങളിൽ ലേബറർ നിയമനത്തിന് തയ്യാറാക്കിയ പട്ടികയിൽ നിന്നും നിയമനം നടത്താത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | എ) സർവ്വകലാശാലയുടെ ഭരണസമിതി തീരുമാന പ്രകാരം, സർവ്വകലാശാലയുടെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ചും തൊഴിലാളി നിയമനം സംബന്ധിച്ച് കോടതി വിധിയുടെ അന്ത:സത്ത മാനിച്ചുകൊണ്ടും സർവ്വകലാശാല നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശം ലഭിച്ചതിന് ശേഷം കാഷ്വൽ തൊഴിലാളി നിയമനത്തിനായുള്ള സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) തൊഴിലാളികൾ ഇല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എങ്കിലും ഫാമുകളുടെ പ്രവർത്തനങ്ങൾക്കായി കരാർ/ദിവസവേതന തൊഴിലാളികളെ നിയോഗിക്കാൻ സ്റ്റേഷൻമേധാവികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സർവ്വകലാശാല അനുമതി നൽകുന്നുണ്ട്. |
| സി) പ്രസ്തുത പട്ടികയിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | സി) നിയമോപദേശം ലഭിച്ചതിന് ശേഷം കാഷ്വൽ തൊഴിലാളി നിയമനത്തിനായുള്ള സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർനടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ